# പതിമൂന്നാം കേരള നിയമസഭ

## പത്താം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 608** 07.01.2014-ൽ മറുപടിക്ക്

**കോഴി മൊത്തക്കച്ചവടക്കാരുടെ നികുതി വെട്ടിപ്പ്**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എം. ഹംസ:<br>ശ്രീ. ബി.ഡി. ദേവസ്സി :<br>ശ്രീ. വി.ചെന്താമരാക്ഷൻ:<br>ശ്രീ.. എസ്. രാജേന്ദ്രൻ: | | ശ്രീ.കെ.എം.മാണി<br>(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി) | |
| (എ) | കോഴി മൊത്തക്കച്ചവടക്കാർ നികുതി വെട്ടിപ്പ് നടത്തിവരുന്നതായുള്ള ആക്ഷേപങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിനു പുറത്തുനിന്നും ചെക്ക്പോസ്റ്റുവഴി അല്ലാതെ ഊടുവഴികളിലൂടെ കോഴിയേയും കുഞ്ഞുങ്ങളേയും കേരളത്തിനകത്തേയ്ക്ക് കൊണ്ടുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | കോഴിയുടെയും കുഞ്ഞുങ്ങളുടെയും വിൽപ്പനയിനത്തിൽ നികുതി ചോർച്ച സംഭവിക്കാതിരിക്കാൻ എന്തെല്ലാം കരുതൽ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ; | (ബി) | അന്യസംസ്ഥാനത്തുനിന്നും കേരളത്തിലേയ്ക്ക് കൊണ്ടുവരുന്ന കോഴിയ്ക്കും കുഞ്ഞുങ്ങൾക്കും ചെക്ക്പോസ്റ്റുകളിൽ മുൻകൂർ നികുതി അടക്കേണ്ടതാണ്. ഇതിനായി നിശ്ചയിച്ചിട്ടുള്ള തറവില, മാർക്കറ്റിൽ വില വർദ്ധനവ് കണ്ടതിനെ തുടർന്ന് 65 രൂപയിൽ നിന്നും 23-08-13ൽ 95 രൂപയായി ഉയർത്തുകയുണ്ടായി. കോഴിക്കുഞ്ഞുങ്ങളുടെ കാര്യത്തിൽ അത് 35 രൂപയായും ഉയർത്തി. അതിർത്തി പ്രദേശങ്ങളിൽ ഇന്റലിജൻസ് സ്ക്വാഡുകളുടെ പ്രവർത്തനവും നിരീക്ഷണവും ശക്തമാക്കിയിട്ടുണ്ട്. 24 മണിക്കൂറും മാറിമാറി ഇത്തരം സ്ക്വാഡുകളെ വിന്യസിച്ചിട്ടുണ്ട്. കൂടാതെ അതിർത്തി ജില്ലകളിൽ പുറത്ത് നിന്നുള്ള ജില്ലകളിൽ നിന്നുമുള്ള സ്ക്വാഡുകളെയും മാറിമാറി വിന്യസിക്കാറുണ്ട്. അതിർത്തി ജില്ലകളിൽ സ്ഥിതി ചെയ്യുന്ന ഫാമുകളുടെ പ്രവർത്തനവും കള്ളക്കടത്ത് തടയുന്നതിന്റെ ഭാഗമായി നിരീക്ഷിച്ചുവരുന്നു. വലിയ കോഴി ഫാമുകളിൽ നിശ്ചിത കാലയളവിനുള്ളിൽ പരിശോധനകൾ നടത്തുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ട്രാൻസിറ്റ് പാസ് പ്രകാരം മാഹിയി |

<table>
<tr><td></td><td></td><td></td><td>ലേയ്ക്ക് പോകുന്ന ലോഡുകൾ അവിടത്തെ കേരളത്തിന്റെ ചെക്ക് പോസ്റ്റിൽ റിപ്പോർട്ട് ചെയ്യുന്നു എന്ന് ഉറപ്പുവരുത്തുവാനും, ട്രാൻസിറ്റ് പാസ്സ് സറണ്ടർ ചെയ്യുവാനും ഓൺലൈൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്.</td></tr>
<tr><td>(സി)</td><td>നിലവിലെ സർക്കാരിന്റെ കാലത്ത് നികുതി വെട്ടിപ്പ് നടത്തിയതായി കണ്ടെത്തിയ എത്ര കേസുകളിൽ പിഴ ഈടാക്കാൻ നോട്ടീസ് നൽകുകയും പിന്നീട് അവ റദ്ദാക്കുകയും ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ; പ്രസ്തുത നടപടി വഴി പ്രതീക്ഷിച്ച പിഴ-തുകയിൽ എന്ത് തുകയുടെ കുറവുണ്ടായി ;</td><td>(സി)</td><td>പിഴചുമത്തി നടപടി പൂർത്തിയാക്കിയ ഒരു കേസിലും, പിന്നീട് അത് സ്റ്റാറ്റ്യൂട്ടറി അപ്പീൽ / റിവിഷൻ നടപടികൾ മൂലമല്ലാതെ റദ്ദാക്കുകയോ, കുറവ് ചെയ്യുകയോ ചെയ്തതായി റിപ്പോർട്ട് ചെയ്തിട്ടില്ല.</td></tr>
<tr><td>(ഡി)</td><td>കോഴി ഇറച്ചിയുടെയും കുഞ്ഞുങ്ങളുടെയും വിൽപനയിന്മേലുള്ള നികുതിയിനത്തിൽ 2011-12, 2012-13 സാമ്പത്തിക വർഷം പ്രതീക്ഷിച്ച വരുമാനവും ലഭിച്ച വരുമാനവും വിശദമാക്കാമോ ; കോഴിയുടെ ഉപഭോഗത്തിൽ പ്രസ്തുത കാലയളവിലുണ്ടായ വർദ്ധനയുടെ ശതമാനം എത്രയാണെന്ന് വിശദമാക്കാമോ?</td><td>(ഡി)</td><td>കോഴി ഇറച്ചിയുടെയും കുഞ്ഞുങ്ങളുടെയും വിൽപനയിന്മേലുള്ള നികുതിയിനത്തിൽ 2011-12, 2012-13 സാമ്പത്തിക വർഷങ്ങളിൽ പ്രതീക്ഷിച്ച വരുമാനവും ലഭിച്ച വരുമാനവും ചുവടെ ചേർക്കുന്നു. (തുക കോടിയിൽ)
<table>
<tr><th>ഇനം</th><th>2011-12</th><th>2012-13</th></tr>
<tr><td>പ്രതീക്ഷിച്ച വരുമാനം</td><td>145</td><td>114</td></tr>
<tr><td>ലഭിച്ച വരുമാനം</td><td>93.06</td><td>114.05</td></tr>
</table>
കോഴിയുടെ നികുതിയിനത്തിലെ വരുമാനത്തിൽ 23 ശതമാനം വർദ്ധന രേഖപ്പെടുത്തിയിട്ടുണ്ട്.</td></tr>
</table>

സെക്ഷൻ ഓഫീസർ.